# ഐ.ഡി.എസ്.എഫ്.എഫ്.കെയിൽ ആഫ്രിക്കൻ ജീവിതം പകർത്തിയ ഏഴ് ഹ്രസ്വചിത്രങ്ങൾ

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 2024 ജൂലൈ 26 മുതൽ 31 വരെ സംഘടിപ്പിക്കുന്ന 16-ാമത് ഐ.ഡി.എസ്.എഫ്.എഫ്.കെയിൽ ആഫ്രിക്കൻ ജീവിതവും മനുഷ്യാവസ്ഥകളും പകർത്തിയ ഏഴു ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കും. ആൻേറായിൻ പാലി സംവിധാനം ചെയ്ത 'ജെയ്ൻ എന്ന ചിത്രം കവിതയുടെയും പെയ്ന്റിങ്ങിന്റെയും അതിവിദഗ്ധമായ സമന്വയമാണ്. ഫ്രഞ്ച് കവി ബോദലേറിന്റെ പ്രണയിനിയും മിശ്രവംശജയുമായ ജെയ്ൻ ദുവാലിന്റെ ജീവിതകഥ പറയുന്ന ഈ ചിത്രം. മജാ കോസ്റ്റ സംവിധാനം ചെയ്ത 'മങ്കത്ത്' ബോട്ടപകടത്തിൽ നിന്ന് രക്ഷപ്പെടുന്ന കുഞ്ഞ് ആലിയയ്ക്ക് ഭാവിയിൽ നേരിടേണ്ടി വരുന്ന മാനസിക സംഘർഷങ്ങളുടെ കഥ പറയുന്നു. അഹ്മദ് സമീർ സംവിധാനം ചെയ്ത 'മിറ' എന്ന ചിത്രം ബെർലിനിൽ താമസമാക്കുന്ന ഈജിപ്ഷ്യൻ മുസ്ലിം കുടിയേറ്റ വംശജയുടെ യഥാർത്ഥ ജീവിതത്തെ ആസ്പദമാക്കിയുള്ളതാണ് . ഡെവിൻ പവൽ സംവിധാനം ചെയ്ത 'ലാസ്റ്റ് ജോയിന്റ്' ലഹരിയുടെ പാർശ്വ ഫലങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നു . റിഹാനാ സംവിധാനം ചെയ്ത 'പ്രൊഫസി ' ദു:സ്വപ്നങ്ങളെ തന്റെ നിശ്ചയദാർഢ്യം കൊണ്ട് കീഴടക്കാൻ ശ്രമിക്കുന്ന ടബാര എന്ന പെൺകുട്ടിയുടെ കഥയാണ് . ഇമ്രാൻ ഹാംദുലായ് സംവിധാനം ചെയ്ത ദക്ഷിണാഫ്രിക്കൻ ചിത്രം 'ദ വെയ്റ്റ്', പോലീസ് സ്റ്റേഷനിൽ വരിയിൽ പുറകേ നിൽക്കുന്ന വൃദ്ധനെ മുൻനിരയിലേക്ക് കയറ്റാൻ ശ്രമിക്കുന്നതും അതിനെ തുടർന്ന് ഉണ്ടാകുന്ന പ്രശ്നങ്ങളുമാണ് കാണിക്കുന്നത് . ആഷ്‌ലി സംവിധാനം ചെയ്ത 'പാപ്പി' സ്വവർഗാനുരാഗിയായ ഹെക്ടറിന്റെയും തന്നിൽ നിന്നും അകൽച്ചയിൽ കഴിയുന്ന സ്വന്തം കുടുംബത്തിന്റെയും കഥ പറയുന്നു.